# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാവശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-പി.കെ.ഡി10 /579 /2021


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/04/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145


ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-പി.കെ.ഡി10 /579 /2021 തീയ്യതി: 13/04/2021

## പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-03-2021 മുതൽ 29-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-03-2021 | 29-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-03-2021 | 29-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഹരിഗോവിന്ദ കെ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. താരിഖ് എം എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജിജീഷ് എ കെ, ഓഡിറ്റർ
ശ്രീ. ഷഹീർ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പി സി ഭാമ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ടി ടി സുഷമ | സെക്രട്ടറി | 01-04-2019 | 29-11-2019 |
| ശ്രീമതി. പി എൻ തങ്കമണി | സെക്രട്ടറി | 29-11-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ടി ടി സുഷമ | സെക്രട്ടറി | 01-04-2019 | 29-11-2019 |
| ശ്രീമതി. പി എൻ തങ്കമണി | സെക്രട്ടറി | 29-11-2019 | 31-03-2020 |
| ശ്രീമതി. പി എൻ തങ്കമണി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 29-11-2019 |
| ശ്രീമതി. മിനി എം ടി | അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്) | 30-11-2019 | 29-01-2020 |
| ശ്രീ. മനോജ് കുമാർ എ | അസിസ്റ്റന്റ് സെക്രട്ടറി | 30-01-2020 | 31-03-2020 |
| ശ്രീമതി. ദിവ്യ എം കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-09-2019 |
| ശ്രീ. അനൂപ് ആനന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 16-09-2019 | 12-11-2019 |
| ശ്രീമതി. ഗീതു ജി പണിക്കർ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-11-2019 | 31-03-2020 |
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി. അംബികാവതി ആർ | വി ഇ ഓ | | |
| ഡോ. സതീഷ് പരമേശ്വരൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 31-03-2020 |
| ശ്രീമതി. സുമ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| ശ്രീമതി. ജയലക്ഷ്മി ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 19-12-2019 | 31-03-2020 |
| ശ്രീ. ബാലകൃഷ്ണൻ കെ | എച്ച് എം | 01-04-2019 | 31-03-2020 |
| ഡോ. ദിവ്യ റാണി തോമസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലാലിമ ജോർജ് | കൃഷി ഓഫീസർ | 01-04-2019 | 30-09-2019 |
| ശ്രീമതി. ഫസീന പി ച്ച് | കൃഷി ഓഫീസർ | 30-09-2019 | 03-10-2019 |
| ശ്രീമതി. ജൂലി ജോർജ് കെ | കൃഷി ഓഫീസർ | 04-10-2019 | 11-11-2019 |
| ശ്രീമതി. കൃഷ്ണ എസ് | കൃഷി ഓഫീസർ | 11-11-2019 | 31-03-2020 |
| ഡോ. ഹേമമാലിനി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)) | 01-04-2019 | 31-03-2020 |
| ഡോ. സുവിമോൾ വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. ഉമൈബ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheheer (Auditor, On 26-03-2021)<br>Last Updated By: Sheheer (Auditor, On 26-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 13-04-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 13-04-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jijeesh (Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 13-04-2021) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-8 |
| 10 | അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-9 |
| 11 | ഭേദഗതി വിഞ്ജാപനം പ്രകാരം ബാധകമായ വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല<br>Written By: Sheheer (Auditor, On 29-03-2021)<br>Last Updated By: Sheheer (Auditor, On 29-03-2021) | 1-10 |
| 12 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 29-03-2021)<br>Last Updated By: Sheheer (Auditor, On 29-03-2021) | 1-11 |
| 13 | വെള്ളക്കരം - കുടിശ്ശിക തുക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 29-03-2021)<br>Last Updated By: Sheheer (Auditor, On 29-03-2021) | 1-12 |
| 14 | വസ്തു നികുതി കൂടുതലായി നിർണ്ണയിച്ചു - കൂടുതലായ തുക ക്രമീകരിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 29-03-2021)<br>Last Updated By: Sheheer (Auditor, On 29-03-2021) | 1-13 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - | 1-14 |

| | | |
|---|---|---|
| | രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | |
| 16 | റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് നൽക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-14-1 |
| 17 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-14-2 |
| 18 | ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-14-3 |
| 19 | ഇറച്ചിക്കടകൾക്ക് ലൈസൻസ് നിർബന്ധമാക്കണം<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-14-4 |
| 20 | വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-14-5 |
| 21 | വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുനപരിശോധിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-15 |
| 22 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-16 |
| 23 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 13-04-2021) | 1-16-1 |
| 24 | റേഷൻ കട, കള്ള് ഷോപ്പ് നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-16-2 |
| 25 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-16-3 |
| 26 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 30-03-2021)<br>Last Updated By: Sheheer (Auditor, On 30-03-2021) | 1-16-4 |
| 27 | ഗ്രാമ സഭ – നിരീക്ഷണങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-17 |
| 28 | ലൈഫ് പദ്ധതി- അവലോകനം<br>Written By: Jijeesh (Auditor, On 29-03-2021)<br>Last Updated By: Jijeesh (Auditor, On 31-03-2021) | 1-18 |

| | | |
|---|---|---|
| 29 | റോഡ് കണക്ടവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 29-03-2021) | 1-19 |
| 30 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ- അപാകത പരിഹരിക്കേണ്ടതാണ്.<br>Written By: Jijeesh (Auditor, On 29-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 1-20 |
| 31 | കരാർ ചമയ്ക്കുവാൻ വെകിയിനുള്ള നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 1-21 |
| 32 | പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തിയിട്ടില്ല.<br>Written By: Jijeesh (Auditor, On 29-03-2021)<br>Last Updated By: Jijeesh (Auditor, On 31-03-2021) | 1-22 |
| 33 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - നിരീക്ഷണങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 1-23 |
| 34 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 1-24 |
| 35 | ആസ്തി സംരക്ഷണ മാർഗ്ഗ രേഖകളിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-25 |
| 36 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-26 |
| 37 | മരാമത്ത് പ്രവൃത്തികളുടെ നൊട്ടീസ് ബോർഡ് സ്ഥാപിക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 30-03-2021) | 1-27 |
| 38 | മരാമത്ത് രേഖകളുടെ പരിപാലനം - അപാകതകൾ<br>Written By: K.C.Harigobind (Senior Grade Auditor, On 29-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-28 |
| 39 | തെരുവുവിളക്കുകളുടെ വാർഡുതല രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-29 |
| 40 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - പഞ്ചായത്തിന് അധിക ബാധ്യതയാവുന്നു<br>Written By: M.S.Tharick (Senior Grade Auditor, On 30-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-30 |
| 41 | മാലിന്യം സൂക്ഷിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളില്ല (എം.സി.എഫ്. കെട്ടിടം, ഷ്രെഡ്ഡിംഗ് യൂണിറ്റ്, വാഹന സൗകര്യം)<br>Written By: M.S.Tharick (Senior Grade Auditor, On 30-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-31 |
| 42 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 1-32 |

| | | |
|---|---|---|
| 43 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കരാർ ചമയ്ക്കുവാൻ വൈകിയതിനുള്ള നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 30-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 13-04-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 31-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 13-04-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 31-03-2021)<br>Last Updated By: N Satheesan (Deputy Director, On 13-04-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക കണക്ക് സംക്ഷിപ്തം-വിവിധ പത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

28.02.2019 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 273990063/- രൂപ വരവും 272998283/- രൂപ ചെലവും 991780/- രൂപ നീക്കിയിരുപ്പുമുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 18.04.2020 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

**ന്യൂനതകളുടെ സംഗ്രഹം**

1) സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായിട്ടില്ല.

2) സ്റ്റോക്കുകളുടെ മൂല്യം ചേർത്ത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ഉദാ :1) തെരുവ് വിളക്കുകളുടെ സ്റ്റേക്ക് രജിസ്റ്റർ.
2)ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ.

3) വാർഷിക പത്രിയിലെ റസിഡൻഷ്യൽ, നോൺറഷിഡൻഷ്യൽ കെട്ടിങ്ങളുടെ നികുതികളുടെ കണക്കുകളും, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) സാംഖ്യ ഓൺലൈനിലൂടെ തയ്യാറാക്കിയ ബാങ്ക് ബുക്കുളുടെ കണക്കുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടി സൂക്ഷിച്ച് വരുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15832228 |
| വരവ് | 79605083 |
| ആകെ | 95437311 |
| ചെലവ് | 81011539 |
| നീക്കിയിരിപ്പ് | 14425772 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 14206882 | 14206882 | 14196316 | 10566 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | - | 11928941 | 11928941 | 6816542 | 5112399 |
| വികസന ഫണ്ട്-ടി.എസ്.പി | - | 144000 | 144000 | 74450 | 69550 |
| മെയിന്റനൻസ്, റോഡ് | - | 13156000 | 13156000 | 2125135 | 11030865 |
| മെയിന്റനൻസ്, നോൺ-റോഡ് | - | 4610000 | 4610000 | 2211973 | 2398027 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 12232015 | 12232015 | 5611111 | 6620904 |
| എൻ.ആർ. ഇ.ജി.എസ്- അഡ്മിൻ വരവ് | - | 1296176 | 1296176 | 1296176 | 0 |
| NREGA- Wages | - | 20237210 | 20237210 | 20237210 | 0 |
| ഐ.സി.ഡി.എസ് | 2202451 | 756500 | 2958951 | 1481985 | 1476966 |
| ശുചിത്വം | 3059399 | 106744 | 3166143 | 1271304 | 1894839 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ബ്ലോക്ക് | 40000 | 2967500 | 336750 | 2657500 | 350000 |
| ജില്ല | - | 1317451 | 1317451 | 1317451 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ്- STSB Account | 11027424 | 14511350 | 25538774 | 14686794 | 10851980 |
| SBI- E Payment Ownfund | 1020214 | 26169938 | 27190152 | 26233081 | 957071 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ കളുടെ ശതമാനം |
|---|---|---|---|---|---|
| 181 | 137982326 | 109 | 62408327 | 72 | 45.22% |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച | ചെലവ് % |
|---|---|---|---|---|---|

| | എണ്ണം | | തുക | തുക | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 103 | 48 | 3,02,77,602 | 1,02,98,282 | 34% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 12 | 70159989 | 31644771 | 45.10% |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 01 | 01 | 150000 | 150000 | 100% |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 01 | 01 | 800000 | 800000 | 100% |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 01 | 01 | 500000 | 500000 | 100% |
| വെറ്ററിനറി സർജൻ | 10 | 10 | 7005000 | 1184899 | 16.91% |
| പ്രധാനാദ്ധ്യാപകൻ | 10 | 08 | 2777000 | 1948518 | 70.16% |
| കൃഷി ഓഫീസർ | 01 | 01 | 8896250 | 5617068 | 63.14% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04 | 01 | 3095400 | 2581985 | 83.41% |
| സെക്രട്ടറി | 29 | 20 | 9699485 | 4861983 | 50.12% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 357000 | 300000 | 84% |
| അസിസ്റ്റന്റ് സെക്രട്ടറി | 08 | 05 | 4264600 | 2520821 | 59% |
| ആകെ | 181 | 109 | 137982326 | 62408327 | 45.22% |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 137400 | 172 |
| കർഷകതൊഴിലാളി പെൻഷൻ | 2049600 | 629 |
| വിധവാപെൻഷൻ | 4487400 | 1347 |
| വാർദ്ധക്യകാലപെൻഷൻ | 7572600 | 2366 |
| വികലാംഗപെൻഷൻ | 1435000 | 426 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള | 309600 | 92 |

| | | |
|---|---|---|
| പെൻഷൻ | | |
| | | |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.03.2021 ന് 3.30 P.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25228/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.02.2021 | 11/2020 | 18.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.10.2009 മുതൽ 23.10.2009 വരെ | 2004-05 മുതൽ-2008-09 വരെ | 16.11.2009 |

## 1-9 അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

1)പൗരാവകാശ രേഖ കാലികമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2)നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിത രീതിയിൽ TR.7A യിൽ ക്യാഷ് ബുക്ക് സൂക്ഷിച്ച് വരുന്നുണ്ട്.

3)ആസ്തി രജിസ്റ്ററിൽ നിലവലുള്ള എല്ലാ ആസ്തികളും യഥാർത്ഥ മൂല്യത്തോടൊപ്പം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.ചട്ടം നിഷ്കർഷിക്കുന്ന രീതിയിൽ ഡിപ്രിയേഷൻ അനുവദിക്കുന്നുണ്ട്.

4)സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ യത്ഥാർത്ഥ മൂല്യം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഉദാ:1)തെരുവ് വിളക്കുകൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ2)ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ.

5)പ്രൊജക്റ്റുകളിൽ അവശ്യം വേണ്ട സാക്ഷ്യ പത്രങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ച് വരുന്നുണ്ട്.

6)പ്രൊജകറ്റുകൾ പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത കരാറുകാരുമായി ചമയ്ക്കപ്പെട്ട പ്രാഥമിക കരാറുകളിലും/മുദ്ര പത്രങ്ങളിലും പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല.

7)ഭരണ സമിതിയുടെ മിനിടസ് കമ്പ്യൂട്ടറിലാണ് നിലവിൽ സൂക്ഷിച്ച് വരുന്നത്.

8)നൊട്ടീസ് ബോർഡിലൂടേയും മറ്റ് മാധ്യമങ്ങളിലൂടേയും ഗ്രാമസഭകൾ കൂടുന്ന വിവരം ജനങ്ങളെ അറിയിക്കുന്നുണ്ട്.

9)ദൈനദിന വരവ് ചെലവ് കണക്കുകൾ സാംഖ്യ ഓൺലൈനിലൂടെ രേഖപ്പെടുത്തി വരുന്നത് ഉത്തരവാദപ്പെട്ട മേൽ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ച് വരുന്നില്ല.

10)വിവിധ മേഖലകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരിലൂടെ അവതരിപ്പിച്ചത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ രേഖപ്പെടുത്തി വരുന്നുണ്ട്.

11)S.C.P മേഖലയിൽ പദ്ധതി നിർവ്വഹണങ്ങൾക്ക് മുമ്പ് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപികരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ആസ്തി രജിസ്റ്റർ കാലികമാക്കി പ്രിന്റ് എടുത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടി സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)സ്റ്റോക്ക് രജിസ്റ്ററുകളിൽ ഇൻവോയ്സുകളിലൂടെ ലഭ്യമായ സാധനങ്ങളുടെ യഥാർത്ഥ മൂല്യം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3)പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത കരാറുകാരുമായി നിയമം അനുശാസിക്കുന്ന രീതിയിൽ ചമയ്ക്കപ്പെടുന്ന പ്രാഥമിക കരാറുകളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

4)സാംഖ്യ ഓൺലൈനിലൂടെ സൂക്ഷിച്ച് വരുന്ന വരവ്/ചെലവ് കണക്കുകൾ പ്രിന്റ് എടുത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടി സൂക്ഷിക്കേണ്ടതാണ്.

5)S.C.P മേഖലകളിലെ പദ്ധതി നിർവ്വഹണത്തിന് മുമ്പ് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുവാനുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുവാൻ നൽകിയ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-10 ഭേദഗതി വിജ്ഞാപനം പ്രകാരം ബാധകമായ വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല

14.01.2011 ലെ സ.ഉ(അ) നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015 ലെ സ.ഉ(അ) നം. 36/2015/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനം പ്രകാരം താഴെ പറയുന്ന കൂട്ടിച്ചേർക്കലുകൾ ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ | 3 | 8 |

| | | | |
|---|---|---|---|
| | ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | | |
| 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്ട്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |

സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വിജ്ഞാപനം പ്രകാരം ഉപയോഗക്രമങ്ങൾക്ക് ബാധകമായ നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചതായി കാണുന്നില്ല. നിരക്കുകൾ നിർണ്ണയിക്കാത്തതിനാൽ മേൽ ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമങ്ങൾ രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചുവരുന്ന രീതിയാണ് തുടർന്നുവരുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 02/20.03.2021 നുള്ള മറുപടിയിൽ അടുത്ത പഞ്ചായത്ത് യോഗത്തിൽ തീരുമാനമെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

24.02.2015 ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം.100/2015 വിജ്ഞാപനം പ്രകാരം കൂട്ടിച്ചേർത്ത ഉപയോഗക്രമങ്ങൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കുകൾക്കനുസൃതമായ വസ്തുനികുതി നിരക്ക് അടിയന്തിരമായി നിർണ്ണയിക്കേണ്ടതും നികുതി നിർണ്ണയത്തിന് ഇവ പരിഗണിക്കേണ്ടതുമാണ്. ആയതിന് അനുസൃതമായി മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമായ തിരുത്തലുകൾ വരുത്തി നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

## 1-11 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. മേൽ ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. കാവശേരി ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 40/- രൂപയും 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 55/- രൂപയായും നിരക്ക്

നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 100 ച.മീന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40/- രൂപ നിരക്കിൽ നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

<u>എ) പൂർണ്ണമായും താഴ്ന്ന നിരക്കിൽ വസ്തു നികുതി ഈടാക്കിയതിന്റെ വിവരം</u>

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (M2) |
|---|---|---|---|---|
| 1 | 1/606 മുതൽ 1/616 വരെ | മുസ്തഫ & ഷാഹിത | വാണിജ്യം | 192.17 |
| 2 | 3/715 മുതൽ 3/718 വരെ | വി ആർ കേശവമേനോൻ | വാണിജ്യം | 151.72 |
| 3 | 11/559 മുതൽ 11/571 വരെ | നാസറുദ്ദീൻ | വാണിജ്യം | 206.08 |
| 4 | 15/457 മുതൽ 15/458 വരെ | കൃഷ്ണദാസ് | വാണിജ്യം | 180 |
| 5 | 17/672 മുതൽ 17/675 വരെ | ഷാജി | വാണിജ്യം | 106.72 |
| ആകെ വിസ്തീർണ്ണം | | | | 836.69 |

നിലവിലെ അടിസ്ഥാന വസ്തു നികുതി – 836.69*40 = 33467.6/- രൂപ.

കണകാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി – 836.69*55 = 46017.95/- രൂപ.

അടിസ്ഥാന വസ്തു നികുതി വ്യത്യാസം 46017.95 – 33467.6 = 12550.35/- രൂപ.

<u>ബി) ഭാഗികമായി താഴ്ന്ന നിരക്കിൽ വസ്തു നികുതി ഈടാക്കിയതിന്റെ വിവരം</u>

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (M2) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 3/344 മുതൽ | സുരേന്ദ്രൻ | വാണിജ്യം | 112 | 3/346 (32 ച.മീ.), 3/359 (32 ച.മീ.) എന്നീ |

| | | | | | |
|---|---|---|---|---|---|
| | 3/349 വരെ, 3/359 | | | | കെട്ടിടങ്ങൾക്ക് 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ 55/- രൂപ കണക്കാക്കിയിട്ടുണ്ട്. |
| 2 | 3/372 മുതൽ 3/374 വരെ | മുഹമ്മദ്കുട്ടികുരുക്കൾ | വാണിജ്യം | 102 | 3/372 (34 ച.മീ.), 3/374 (34 ച.മീ.) എന്നീ കെട്ടിടങ്ങൾക്ക് 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ 55/- രൂപ കണക്കാക്കിയിട്ടുണ്ട്. |
| 3 | 5/582 മുതൽ 5/584 വരെ | പ്രസിഡണ്ട് & സെക്രട്ടറി, കഴനി സർവ്വീസ് സഹകരണ ബാങ്ക് | വാണിജ്യം | 130 | 5/582 (46 ച.മീ.) എന്ന കെട്ടിടത്തിന് 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ 55/- രൂപ കണക്കാക്കിയിട്ടുണ്ട്. |
| കുറഞ്ഞ നിരക്ക് ഈടാക്കിയ ആകെ വിസ്തീർണ്ണം | | | | 166 (344-178) | |

നിലവിലെ അടിസ്ഥാന വസ്തു നികുതി – 166*40 = 6640/- രൂപ.

കണകാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി – 166*55 = 9130/- രൂപ.

അടിസ്ഥാന വസ്തു നികുതി വ്യത്യാസം 9130 – 6640 = 2490/- രൂപ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07/22.03.2021) കുറവ് വന്ന തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വെള്ളക്കരം - കുടിശ്ശിക തുക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്

കാവശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് നേരിട്ട് വലിയ പറമ്പ് എന്ന കുടിവെള്ള പദ്ധതി നടത്തി വരുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ പ്രകാരം വെള്ളക്കരം ഇനത്തിൽ ആകെ 1973762/- രൂപ (തൻവർഷ കുടിശ്ശിക 636141/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 1337621/- രൂപ) ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു.

വെള്ളക്കരവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, കുടിശ്ശിക ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 03/20.03.2021) മറുപടി പ്രകാരം മേൽ കുടിവെള്ള പദ്ധതികളിലായി നിലവിൽ ആകെ 1404 ഗുണഭോക്താക്കൾ (ഗാർഹികം - 1390, ഗാർഹികേതരം - 14) ഉണ്ടെന്നും പ്രതിമാസ വെള്ളക്കരമായി ഗാർഹികാവശ്യത്തിന് 70/- രൂപയും ഗാർഹികേതരാവശ്യത്തിന് 210/- രൂപയും നിശ്ചയിച്ചിട്ടുള്ളതായും നിലവിൽ വെള്ളക്കരം ഇനത്തിൽ 1319661/- രൂപ കുടിശ്ശികയുള്ളതായും വാട്ടർ ചാർജ്ജ് കണക്ഷനുകൾക്ക് മീറ്ററിങ് ഏർപ്പെടുത്തിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ വാട്ടർ ചാർജ്ജ് കണക്ഷനുകൾക്ക് മീറ്ററിങ് ഏർപ്പെടുത്തേണ്ടതും കുടിശ്ശികയുള്ള ഗുണഭോക്താക്കളിൽ നിന്നും ആയത് അടിയന്തിരമായി ഈടാക്കുവാനുമുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി കൂടുതലായി നിർണ്ണയിച്ചു - കൂടുതലായ തുക ക്രമീകരിക്കേണ്ടതാണ്

കാവശേരി ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 40/- രൂപയും 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 55/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തിന് 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള 40/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള 55/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (M2) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 3/379 മുതൽ 3/380 വരെ | ഹനീഫ | വാണിജ്യം | 82 | 3/380 (41 ച.മീ.) എന്ന കെട്ടിടത്തിന് 100 ച.മീ.വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ 40/- രൂപ കണക്കാക്കിയിട്ടുണ്ട്. |
| കുറഞ്ഞ നിരക്ക് ഈടാക്കേണ്ടിയിരുന്ന വിസ്തീർണ്ണം | | | | 41 (82-41) | |

നിലവിലെ അടിസ്ഥാന വസ്തു നികുതി – 41*55 = 2255/- രൂപ.

കണകാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി – 41*40 = 1640/- രൂപ.

കൂടുതലായി ഈടാക്കിയ അടിസ്ഥാന വസ്തു നികുതി 2255 – 1640 = 615/- രൂപ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07/22.03.2021) കൂടുതലായി നിർണ്ണയിച്ച വസ്തു നികുതി ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിൽ കൂടുതലായി ഈടാക്കിയ തുക വരും വർഷങ്ങളിൽ ക്രമീകരിച്ച് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-14-1 റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയ്ക്കും ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും ലൈസൻസ് അനുവദിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14-2 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ നിലവിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1127 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 783 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 84 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 8 |

| | | | |
|---|---|---|---|
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 5 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 7 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 28 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 5 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 98 |
| | 2 | ഇതര വ്യവസായം | 109 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 278 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>1-14-3 ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു</u>

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-14-4 ഇറച്ചിക്കടകൾക്ക് ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയർക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/ തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-14-5 വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടി തുക ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ | സ്ഥാപനത്തിന്റെ | ലൈസൻസിയുടെ | അപേക്ഷ | ലൈസൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം. | പേര് | പേര് | പ്രകാരം യന്ത്രത്തിന്റെ കുതിര ശക്തി | നം. |
| 1 | ജെ ടെക്ക് ഇൻഡസ്ട്രീസ് | അയൂബ്ഖാൻ എം | 3 | 8/19-20 |
| 2 | ഓട്ടോബാൻ ട്രക്കിംങ് കോർപ്പറേഷൻ പ്രൈ. ലിമിറ്റഡ് | മുഹമ്മദ് ഫർസാദ് എം ഡി | 20 | 11/19-20 |
| 3 | ജം റബർ & പോളിമർസ് പ്രൈ. ലിമിറ്റഡ് | ടി ജി ചന്ദ്രകുമാർ | 111 | 17/19-20 |
| 4 | ശ്രീകൃഷ്ണ സിമന്റ് ഇൻഡസ്ട്രീസ് | പി എൻ കോമളം | 10.5 | 25/19-20 |
| 5 | എം എസ് സ്നാക്ക്സ് & ഫുഡ് | മെഹബൂബ് സി | 4 | 26/19-20 |
| 6 | എസ് ജെ ഇക്കണോമിക് സിമന്റ് വർക്ക് & വെൽഡിംങ് വർക്ക്സ് | ജയപ്രകാശ് സി | 3 | 55/19-20 |
| 7 | ഇൻഷാ ഓയിൽ മിൽ | സബീന | 10 | 66/19-20 |
| 8 | പ്രണവ് വുഡ് വർക്ക്സ് | പി സി എം ലതാപ്രകാശ് | 8.5 | |
| 9 | ശ്രീധർ മിനറൽസ് & പാക്കേജ്ഡ് ഡ്രിംഗിങ് വാട്ടർ | മാനേജിംഗ് പാർട്ണർ | 20.5 | 72/19-20 |
| 10 | ശ്രീകൃഷ്ണ ഹോളോബ്രിക്ക്സ് | കുട്ടപ്പൻ | 8 | 73/19-20 |
| 11 | രാജേഷ് സോ മിൽ | കുട്ടപ്പൻ | 30 | 74/19-20 |
| 12 | റൈസ് ടെക്ക് വെൽഡിംഗ് വർക്ക്സ് | ജയൻ ബി | 3 | 78/19-20 |
| 13 | വിജയ് മിനറൽസ് | കെ ആർ കുമാരൻ | 20 | 79/19-20 |
| 14 | ശ്രീ സുബ്രഹ്മണ്യ അക്വമിൽസ് | കെ ആർ കുമാരൻ | 90 | 80/19-20 |
| 15 | ഫൈസ്റ്റാർ പ്ലാസ്റ്റിക്ക്സ് | അബ്ദുൾ റസാഖ് സി | 10 | 81/19-20 |

| | | | | |
|---|---|---|---|---|
| 16 | സെന്റ് മേരീസ് ഫ്ലവർ മിൽ | പി കെ അഗസ്റ്റിൻ | 120 | 87/19-20 |
| 17 | അന്ന മാച്ച് ഇൻഡസ്ട്രീസ് | എം അബൂബക്കർ | 45 | 88/19-20 |
| 18 | സതീ തിലകം എന്റർപ്രൈസസ് | ശാന്തകുമാരി | 9 | 110/19-20 |
| 19 | ബെസ്റ്റ് എഞ്ചിനീയറിംഗ് വർക്ക്സ് | ഷെനിൽ കുമാർ എസ് പി | 4.5 | 116/19-20 |
| 20 | അഫ്സൻ ഫുഡ് പ്രൊഡക്ട്സ് പ്രൈ. ലിമിറ്റഡ് | പോൾ ജോസഫ് | 98 | 124/19-20 |
| 21 | ഡെസ്സ് ഇന്റർനാഷണൽ | ജോർജ് | 34 | 133/19-20 |
| 22 | ഇന്ദിരാ മാച്ച് ഇൻഡസ്ട്രീസ് | വി എ ബെന്നി | 10 | 144/19-20 |
| 23 | സത്യം ഫ്യൂവൽസ് | ജ്യോതി മനോഹരൻ | 15 | 146/19-20 |
| 24 | അമൃത റൈസ് മിൽ | കെ വിഷ്ണുദാസ് | 10 | 164/19-20 |
| 25 | കൃഷ്ണ റൈസ് ഫ്ലവർ & ഓയിൽ മിൽസ് | പി കേശവദാസ് | 10 | 165/19-20 |
| 26 | എസ് ആർ മിൽസ് | പ്രേമരാജൻ വി | 10 | 166/19-20 |
| 27 | കൃഷ്ണ കൃപ ഓയിൽ & ഫ്ലവർ മിൽ | കെ മണി | 10 | 167/19-20 |
| 28 | ഹാജറുമ്മ റൈസ് മിൽ | ഹാജറുമ്മ | 10 | 168/19-20 |
| 29 | റൈസ് മിൽ | കെ ബി ശ്രീപ്രസാദ് | 10 | 169/19-20 |
| 30 | ദേവകി റൈസ് മിൽ | മുരളി | 10 | 170/19-20 |
| 31 | കല്ലിടായിൽ റൈസ് മിൽ | അഹമ്മദ്കുട്ടി എം | 10 | 171/19-20 |
| 32 | ശ്രീകൃഷ്ണ റൈസ് & ഫ്ലവർ മിൽ | കെ ഇന്ദിരാ ദേവി | 10 | 173/19-20 |
| 33 | രാമകൃഷ്ണ റൈസ് മിൽ | പി കെ രവി | 10 | 174/19-20 |
| 34 | എൻ ബി എസ് | എ നബീസ | 10 | 175/19-20 |

| | | | | |
|---|---|---|---|---|
| | റൈസ് മിൽ | | | |
| 35 | ഇരകുളം റൈസ് മിൽ | ചന്ദ്രകുമാരി | 10 | 177/19-20 |
| 36 | ഭഗവതി റൈസ് മിൽ | പി ശാരദ | 10 | 178/19-20 |
| 37 | മോഹനാ റൈസ് മിൽ | എം കെ മോഹനൻ | 10 | 180/19-20 |
| 38 | പവിത്ര കേര പ്രൊഡക്ട്സ് | വി പി അജിത് കുമാർ | 43 | 183/19-20 |
| 39 | പൊന്നൻ പൂശാരി മെമ്മോറിയൽ വന്ധ്യതാ ചികിത്സാലയം | നിഷീകാന്ത് | 10 | 187/19-20 |
| 40 | അനില ഓയിൽ & ഫ്ലവർ മിൽസ് | താരകോശി | 10 | 241/19-20 |
| 41 | നിംബസ് പെയിന്റ്സ് | അജേഷ്കുമാർ എം എച്ച് | 28 | 263/19-20 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/25.03.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുനപരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപനത്തിന്റെ പേര് | വിസ്തീർണ്ണം (M2) | റിമാർക്ക്സ് | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| 1 | 11/235 | പോസ്റ്റ് ഓഫീസ് (ഇരട്ടക്കുളം, ആലത്തൂർ) | 16.83 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. | കാരണം രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പുനപരിശോധി ക്കേണ്ടതാണ്. |
| 2 | 10/312 | രവി എ (പുലിക്കോട്, ശാന്തിനഗർ) | 63.197 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. | സ.ഉ(എം.എസ്) നം.144/15/ തസ്വഭവ പ്രകാരം 60 ച.മീ.വരെ തറ വിസ്തീർണ്ണമുള്ള |

| | | | | | |
|---|---|---|---|---|---|
| | | | | | വാസഗൃഹ കെട്ടിടങ്ങളെ യാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി യിട്ടുള്ളത്. ആയതി നാൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുനപരിശോ ധിക്കേണ്ടതാണ്. |
| 3 | 13/148 | എസ്.എൻ.ഡി.പി. സമുദായപുരം (പീച്ചോട്, കാവശ്ശേരി) | 41 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. | കാരണം രേഖ പ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പുനപരി ശോധിക്കേണ്ടതാണ്. |
| 4 | 10/226 | സായൂജ്യം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | 41.821 | ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൻറെ വക കെട്ടിടം (സെ. 207 (1 (എച്ച്)) പ്രകാരം ഒഴിവാക്കിയിരിക്കുന്നു. | സായൂജ്യം ആർട്ട്സ് & സ്പോർട്ട്സ് ക്ലബിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൻറെ വക കെട്ടിടം എന്ന് രേഖപ്പെടുത്തി വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പുനപരി ശോധിക്കേണ്ടതാണ്. |
| 5 | 9/430 | പോസ്റ്റ് ഓഫീസ് | 155 | കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുച്ഛേദം അനുസരിച്ച് ഒഴിവാക്കിയിരിക്കുന്നു. | പോസ്റ്റ് ഓഫീസ് കെട്ടിടത്തെ ഭരണഘടനയുടെ 285 അനുച്ഛേദം അനുസരിച്ച് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് |

| | | | | | |
|---|---|---|---|---|---|
| | | | | | പുനപരി ശോധിക്കേണ്ടതാണ്. |
| 6 | 11/241 | കാന്റീൻ ബിൽഡിംഗ് (എസ് എൻ കോളേജ്) | 123 | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി)) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങളിൽ ഉൾപ്പെടുത്തി ഒഴിവാക്കിയിരിക്കുന്നു. | 24.02.2015 ലെ സ.ഉ(അ) നം. 36/2015/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനം പ്രകാരം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് എന്നിവയ്ക്ക് വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുനപരി ശോധിക്കേണ്ടതാണ്. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കൾക്ക് (നമ്പർ 08/22.03.2021, 17/25.03.2021) മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുനപരിശോധിച്ച് അർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുനപരിശോധിച്ച് അർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അത് ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു

യുക്തമെന്ന തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-16-1 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി പരിധിയിൽ വരുന്ന ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപന ത്തിലെ ജോലിക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | എസ് എം ഏജൻസീസ് | ശ്രുതി ആർ | 3 | 15/19-20 |
| 2 | ശ്രീകൃഷ്ണ സിമന്റ് ഇൻഡസ്ട്രീസ് | പി എൻ കോമളം | 3 | 25/19-20 |
| 3 | രാജേഷ് സോ മിൽ | കുട്ടപ്പൻ | 3 | 74/19-20 |
| 4 | ശ്രീലക്ഷ്മി ഹോളോബ്രിക്ക്സ് & മെച്ചോട് | സിന്ധു എം | 4 | 109/19-20 |
| 5 | സതീ തിലകം എന്റർപ്രൈസസ് | ശാന്തകുമാരി | 4 | 110/19-20 |
| 6 | കഴനി സർവ്വീസ് സഹകരണ ബാങ്ക് - നീതി സ്റ്റോർസ്, സിമന്റ് സ്റ്റോക്ക് & | സെക്രട്ടറി | 10 | 118-120/ 19-20 |

| | | | | |
|---|---|---|---|---|
| | സെയിൽസ്, രാസവളം സ്റ്റോക്ക് & സെയിൽസ് | | | |
| 7 | അഫ്സൻ ഫുഡ് പ്രൊഡക്ട്സ് പ്രൈ. ലിമിറ്റഡ് | പോൾ ജോസഫ് | 8 | 124/19-20 |
| 8 | ഡെസ്സ് ഇന്റർനാഷണൽ | ജോർജ് | 4 | 133/19-20 |
| 9 | ലിമാർ കെമിക്കൽസ് | മുഹമ്മദ് ഫവാസ് | 3 | 138/19-20 |
| 10 | നിംബസ് പെയിന്റ്സ് | അജേഷ്കുമാർ എം എച്ച് | 5 | 263/19-20 |

### 1-16-2 റേഷൻ കട, കള്ള് ഷോപ്പ് നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷോപ്പുകൾ എന്നിവയുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | കെ വി രമേഷ് |
| 2 | എ എൻ സുരേഷ്കുമാർ |
| 3 | പി സുരേഷ്കുമാർ |
| 4 | എ വി ബാബു |
| 5 | എം നാരായൺകുട്ടി |
| 6 | അൻവർ ഹുസൈൻ |
| 7 | രാജേഷ് ഗോപി |
| 8 | ബാലകൃഷ്ണൻ വി |
| 9 | പ്രവീൺ കുമാർ |
| 10 | ഹകിം |
| 11 | ജയകൃഷ്ണൻ |
| 12 | വിജയദാസ് എൻ |

### 1-16-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | കാവശേരി അഗ്രികൾച്ചർ ഇപ്രൂവ്മെന്റ് കോ. ഓപറേറ്റീവ് സൊസൈറ്റി, കഴനി | I &II |
| 2 | ഇരട്ടക്കുളം ക്ഷീരോൽപാദക സഹകരണ സംഘം, ഇരട്ടക്കുളം | I &II |
| 3 | കാനറ ബാങ്ക് അതി ലഘു ശാഖ, കാവശേരി | I &II |
| 4 | ചുണ്ടക്കാട് ക്ഷീരോൽപാദക സഹകരണ സംഘം, ചുണ്ടക്കാട് | II |
| 5 | പത്തനാപുരം ക്ഷീരോൽപാദക സഹകരണ സംഘം, പത്തനാപുരം | II |
| 6 | കഴനി ക്ഷീരോൽപാദക സഹകരണ സംഘം, കഴനി | I |
| 7 | പവിത്ര കേര പ്രൊഡക്ട്സ് | II |

1-16-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | കാവശേരി അഗ്രികൾച്ചർ ഇപ്രൂവ്മെന്റ് കോ. | I &II |

| | | |
|---|---|---|
| | ഓപറേറ്റീവ് സൊസൈറ്റി, കഴനി | |
| 2 | കെൽപാം ഫെസിലിറ്റി സെന്റർ, കഴനി | I &II |
| 3 | ഇരട്ടക്കുളം ക്ഷീരോൽപാദക സഹകരണ സംഘം, ഇരട്ടക്കുളം | I &II |
| 4 | നബാർഡ്- കെഎഫ്എം സോയിൽ പ്രൊജക്ട്, കാവശേരി | I &II |
| 5 | കാനറ ബാങ്ക് അതി ലഘു ശാഖ, കാവശേരി | I &II |
| 6 | പരക്കാട്ട് ഭഗവതി ക്ഷേത്രം (മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രം) | I &II |
| 7 | പോസ്റ്റ് ഓഫീസ്, പാട്ടൂർ | II |
| 8 | പോസ്റ്റ് ഓഫീസ്, കഴനി | II |
| 9 | ചുണ്ടക്കാട് ക്ഷീരോൽപാദക സഹകരണ സംഘം, ചുണ്ടക്കാട് | II |
| 10 | പത്തനാപുരം ക്ഷീരോൽപാദക സഹകരണ സംഘം, പത്തനാപുരം | II |
| 11 | കഴനി ക്ഷീരോൽപാദക സഹകരണ സംഘം, കഴനി | I |
| 12 | പവിത്ര കേര പ്രൊഡക്ട്സ് | II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/26.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ഗ്രാമ സഭ – നിരീക്ഷണങ്ങൾ

1)ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലെ ഗ്രാമ സഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ സംഘടിപ്പിച്ച് വരുന്ന പ്രചരണം :

നൊട്ടീസ് ബോർഡിലും, വർത്തമാന പത്രങ്ങളിലും, പ്രാദേശിക ടെലിവിഷൻ ചാനലിലൂടേയും(സ്റ്റാർ നൈറ്റ് ചാനൽ) പ്രചരണം നടത്തി വരുന്നുണ്ട്.

2)2019-2020ൽ ആദ്യത്തെ ഗ്രാമ സഭാ യോഗം 5 മാസം കൂടുമ്പോഴും, അടുത്ത യോഗം 6 - ാം മാസത്തിലുമാണ് ചേർന്നിരിക്കുന്നത്.

3)പട്ടിക ഗോത്ര വർഗ്ഗ ഉപപദ്ധി പ്രാകരമുള്ള വിഹിതം 2019-2020 ൽ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.പ്രസ്തുത സാഹചര്യത്തിൽ ഊര് കൂട്ട യോഗം ചേർന്ന് ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തി വരുന്നുണ്ട്.

4)ഭിന്ന ശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ പ്രസ്തുത വിഭാഗങ്ങളുടെ പ്രത്യേക ഗ്രാമ സഭാ യോഗം 2019-2020 ൽ ചേർന്നിട്ടില്ല.

5)ഗ്രാമ സഭാ യോഗം വിളിച്ച് കൂട്ടുന്നതിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ - പ്രസിഡന്റും, സെക്രട്ടറിയും.

6)17 വാർഡുകളിലെ ഗ്രാമ സഭകളിലെ ആകെ അംഗസംഖ്യയുടെ 10% ക്വോറം യോഗത്തിൽ ചേർന്നിട്ടുണ്ട്.

7)ഗ്രാമസഭ യോഗത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്ത്താക്കളെ തെരഞ്ഞെടുത്ത് പട്ടിക തയ്യാറാക്കി വരുന്നുണ്ട്.

8)മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്കളുടെ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കി വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഗ്രാമ സഭ ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞ പക്ഷം ഓരോ 3 മാസത്തിൽ ചേരണ്ടതാണെന്ന് 20.01.2020 ലെ PAN/17316/2019 – J8 (DP) ഉത്തരവ് നിഷ്കർഷിക്കുന്നു.പ്രസ്തുത കാലാവധിക്കുള്ളൽ ഗോഗം ചേരേണ്ടതാണ്.

2)ഭിന്ന ശേഷി വിഭാഗക്കാരുടെ പ്രൊജക്റ്റുകൾ ആവിഷ്കരിക്കപ്പെടുവാനായി പ്രത്യേക ഗ്രാമ സഭാ യോഗം കൂടേണ്ടതാണ്.

നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-18 ലൈഫ് പദ്ധതി- അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. 2019-20 വർഷത്തിൽ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ലൈഫ് പദ്ധതി ഒന്നാംഘട്ടം

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻ വർഷം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആകെയുണ്ടായിരുന്ന 9ഗുണഭോക്താക്കളിൽ എല്ലാവരും ഭവനനിർമാണം പൂർത്തീകരിച്ചു.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. ജനറൽ വിഭാഗത്തിൽ 137 ഉം എസ്.സി വിഭാഗത്തിൽ 14ഉം ഗുണഭോക്താക്കളുമാണുള്ളത്. ആയതിൽ 150 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഒരു എസ് സി ഗുണഭോക്താവ് കരാർ വയ്ക്കുവാൻ തയ്യാറായിട്ടില്ല. ഒരു ഗുണഭോക്താവിന് 400000 രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.
A) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം - ജനറൽ (പ്രൊജക്ട് നം 26)

137 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. നിലവിൽ എല്ലാവരും ഭവനനിർമ്മാണം പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. 2019-20ൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

| ഫണ്ട് | 2019-20 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| പൊതുവിഭാഗം സാധാരണ വിഹിതം | 3900000 | 3900000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 14500000 | 10280000 |
| ബ്ലോക്ക് പഞ്ചായത്ത് | 1550000 | 900000 |
| ജില്ലാ പഞ്ചായത്ത് | 1458789 | 1317451 |
| ആകെ | 21408789 | 16397451 |

ഇതു കൂടാതെ 3,06,10,000(അടങ്കൽ), 95,40,000(ചെലവ്) വരുന്ന സ്പിൽ ഓവർ പദ്ധതി കൂടി നടപ്പാക്കിയിട്ടുണ്ട്.

<u>B) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം പ്രൊജക്ട് നം 30– എസ്.സി.പി</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| എസ്.സി.പി | 2500000 | 520000 |
| ബ്ലോക്ക് പഞ്ചായത്ത് | 3000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2100000 | 0 |
| മറ്റുള്ളവ | 400000 | 0 |
| ആകെ | 11600000 | 520000 |

ഇതു കൂടാതെ 8,00,000 അടങ്കലിൽ 8,00,000 ചെലവ് വരുന്ന സ്പിൽ ഓവർ പ്രൊജക്റ്റ് കൂടി നടപ്പാക്കിയിട്ടുണ്ട്

ആദ്യഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവർ

ആദ്യഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവനനിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ് . ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടെയും സേവനം ഉറപ്പു വരുത്താവുന്നതാണ്.

2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

ഹഡ്കോ ലോൺ

KURDFC യിൽ നിന്നും 2019-20 വർഷം 95,40,000 രൂപ വായ്പ ലഭ്യമായിട്ടുണ്ട്.

സ്റ്റേറ്റ് ഷെയർ

സ്റ്റേറ്റ് ഷെയർ ഇനത്തിൽ 1,03,20,000 രൂപ വരവും 1,02,80,000 രൂപ ചെലവും ഉണ്ട്.

ഭവനനിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഭവനനിധി രൂപികരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1.വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2.സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1-19 റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗ രേഖ 7/13(1) നിർദ്ദേശിക്കും പ്രകാരം റോഡ് കണക്ടിവിറ്റി

പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം എന്നിവ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന പഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയിട്ടില്ല.മാർഗ്ഗ രേഖ ഖണ്ഡിക 7.13(5) ൽ നിർദ്ദേശിക്കുന്ന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിലുള്ള റോഡുകളെ മാത്രമെ റോഡ് മെയിന്റനൻസിനായി ഏറ്റെടുക്കുവാൻ സാധ്യമാകു എന്ന മാർഗ്ഗരേഖയും പഞ്ചായത്ത് നിലവിൽ പാലിച്ചിട്ടില്ല.(22.03.2021ലെ അന്വേഷണ നം.5)

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)റോഡ് കണക്ടവിറ്റി പ്ലാൻ/ഭൂപടം എന്നിവ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന തയായാറാക്കേണ്ടതാണ്.

2)റോഡ് രജിസ്റ്ററിലെ റോഡുകൾ മാത്രമെ റോഡ് മെയിന്റനസിനായി ഏറ്റെടുക്കുവാൻ സാധ്യമാവൂ എന്ന 29.01.2018 ലെ നിബന്ധനയും പാലിക്കേണ്ടതാണ്.

1-20 എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ- അപാകത പരിഹരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | 144/19-20 |
| പ്രോജക്റ്റിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | 3,90,000/-<br>3,80,000/-(SCP)<br>10,000/-(തനത് ഫണ്ട്) |
| ചെലവ് | 3,83,500/-<br>3,80,000/-(SCP)<br>3,500/-(തനത് ഫണ്ട്) |
| ബിൽ നം | 2(30-4-19)-3,13,417/-<br>6(16-12-19)-66,583/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി എൽ പി എസ് കാവശ്ശേരി |

കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ബിരുദം/പോളിടെക്നിക്ക്/പ്രൊഫഷണൽ എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനാണ് പദ്ധതി ആവിഷകരിച്ചിട്ടുള്ളത്. ജെ ഐ റ്റി സർവീസസ്, കഞ്ചിക്കോട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് പദ്ധതിക്കാവശ്യമായ 13 ലാപ് ടോപ്പുകൾ (25,000/- രൂപ നിരക്കിൽ) വാങ്ങിയിട്ടുള്ളത്. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന അപാകത കാണുന്നു. സ ഉ (സാധാ) 25/2018/ വി.സാ.വ തീയതി 1.2.2018 പ്രകാരം ലാപ്ടോപ്പ് പോലുള്ള ഉപകരണങ്ങൾ കേന്ദ്രീകൃത ഇ-പ്രൊക്യൂർമെന്റ് വഴിയോ ഗവൺമെന്റ് ഇ മാർക്കറ്റ് വഴിയോ വാങ്ങേണ്ടതാണ്. സ ഉ (പി) നം.

7/2019/സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ്, തീയതി 26.4.19 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് 25000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് GeM നിർബന്ധമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികളിൽ മേൽ നിർദ്ദേശം പാലിക്കേണ്ടതാണ്. ലാപ്ടോപ്പ് അനുവദിച്ചവരിൽ ഭൂരിഭാഗം പേരും ലാപ് ടോപ്പ് ലഭിക്കുന്നതിനു മുൻപ് തന്നെ കോഴ്സ് പൂർത്തീകരിച്ചിട്ടുള്ളവരാണ്. അപേക്ഷകളും അർഹതാ രേഖകളും പരിശോധിച്ചതിൻ പ്രകാരം6 വിദ്യാർത്ഥികൾ 2017-18 ൽ കോഴ്സ് അവസാനിച്ചിട്ടുള്ളവരാണ്. കോഴ്സ് അവസാനിച്ച് 2 വർഷം കഴിഞ്ഞാണ് പലർക്കും ലാപ് ടോപ്പ് ലഭ്യമായിട്ടുള്ളത്. പഠനം അവസാനിച്ചതിനുശേഷം ലാപ്ടോപ്പുകൾ നൽകിയതിനാൽ പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമാകുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | കോഴ്സ് പൂർത്തിയാകുന്ന മാസം |
|---|---|---|
| ദിവ്യ രശ്മി | B.Sc സുവോളജി | മാർച്ച് 2018 |
| അക്ഷയ. എസ് | B.Sc ബോട്ടണി | മാർച്ച് 2018 |
| കീർത്തി.കെ | B.A ഹിസ്റ്ററി | മാർച്ച് 2018 |
| രേണുക.കെ | B.A എക്കണോമിക്സ് | മാർച്ച് 2018 |
| വിമൽ.എം | B.A മലയാളം | മാർച്ച് 2018 |
| പ്രവീണ. ബി | B.A എക്കണോമിക്സ് | മാർച്ച് 2018 |

രേഖകൾ പ്രകാരം ലാപ്ടോപ്പ് നൽകുമ്പോൾ കോഴ്സ് കഴിഞ്ഞിട്ടുള്ള വിദ്യാർത്ഥികൾ ലാപ്ടോപ്പ് തുടർപഠനാവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് മോണിട്ടറിംഗ് സമിതി വിലയിരുത്തി റിപ്പോർട്ട് നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

**1-21 കരാർ ചമയ്ക്കുവാൻ വൈകിയിനുള്ള നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്**

(1) 1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്തു മാനുവൽ, സെക്ഷൻ 2009.6 അനുസരിച്ച് കരാറുകാരന്റെ ടെന്റർ സ്വീകരിച്ചിട്ടുള്ളപക്ഷം 7 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. അറിയിപ്പ് അയച്ച തീയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കാം. ഈ തീയതിക്കുശേഷം 14 ദിവസിത്തിനുള്ളിൽ കരാർ വെക്കാത്തപക്ഷം 1 ശതമാനം പിഴ ചുമത്തിയശേഷം 10 ദിവസം കൂടി സമയം ദീർഘിപ്പിച്ചു നൽകാം. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തതിനുള്ള പിഴ ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ആളിഞ്ഞോട്ട് പറമ്പ് മുതലക്കുളം കനാൽ ബണ്ട് റോഡ് പുനരുദ്ധാരണം. |
| പ്രൊജക്ട് നം. | 176/ 19-2020 |
| പി.എ.സി | 4,95,000 |
| ബിൽ നം./ തീയതി | ചെലവ് |
| | |

| | |
|---|---|
| 10/19-2020/28/06/2019 | 159516/- |
| 18/19-2020/7/9/2019 | 33484/- |
| ആകെ | 4,94,360/- (-1%) = 4,944/- |
| കരാറുകാരന്റെ പേര് | കെ.വി.രമേഷ് |
| സെലക്ഷൻ നോട്ടീസ് അയച്ച തിയതി | 10.09.2018 |
| എഗ്രിമെന്റ് വെക്കേണ്ട തീയതി | 23.09.2018 |
| എഗ്രിമെന്റ് വെച്ച തീയതി | 26.09.2018 |
| എം.ബി.നം. | 73/18-19 |
| ഈടാക്കേണ്ട പിഴ | 4,944/- |
| എഗ്രിമെന്റ് നം. | 74/AE/LSGD/KVY./18-19/28.09.2018 |

2. 2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2009.6 അനുസരിച്ച് നിയമാനുസൃത സമയപരിധിക്ക് ശേഷം കരാർ ചമയ്ച്ചതിനാൽ ഈടാക്കേണ്ട പിഴയായ 4,944/- രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ് (26.03.2021 ലെ അന്വേഷണ നം.19). ഉത്തരവാദിയായ കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തിയിട്ടില്ല.

കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഒരു ലിറ്ററിന് പരമാവധി 4/- രൂപാ നിരക്കിൽ പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതാണ് പദ്ധതി.

| | |
|---|---|
| പ്രോജക്ക്റ്റ് നം | 34/19-20 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി |
| അടങ്കൽ | 3,57,000/-<br>300000 -പൊതുവിഭാഗം |

| | |
|---|---|
| | 57000 -ജില്ലാ പഞ്ചായത്ത് |
| ചെലവ് | 3,00,000/- |
| ബിൽ നം | 1(28-9-19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം കാവശ്ശേരി ഗ്രാമ പഞ്ചായത്തിലെ ചുണ്ടക്കാട്, ഇരട്ടക്കുളം, കഴനി, പത്തനാപുരം, പാടൂർ എന്നീ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലെ 246ക്ഷീരകർഷകർക്കായി ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ 2019ഏപ്രിൽ മുതൽ ജൂൺ വരെയുള്ള 3മാസങ്ങളിലേക്ക് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതമായി 57,000/- രൂപ ലഭ്യമായെങ്കിലും സ്പിൽ ഓവർ ആയതിനാൽ തൻവർഷം ക്ഷീരകർഷകർക്ക് ഫലം ലഭിച്ചിട്ടില്ല. 2019 ജൂലൈ മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിൽ അളന്ന പാലിനുള്ള ആനുകൂല്യം കർഷകന് ലഭ്യമായിട്ടില്ല. വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 11(23-3-21) ന് മറുപടി ലഭ്യമായിട്ടില്ല. കർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലെ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിലോ പ്രോജക്റ്റ് തയ്യാറാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

1-23 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - നിരീക്ഷണങ്ങൾ

(1) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോദസ്ഥനായി 2019-2020 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാക്കി നിർവ്വഹിച്ച പ്രവൃത്തികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു (22.03.2021 ലെ അന്വേഷണ നം.4) :

| പ്രൊജക്റ്റുകളുടെ വിവരങ്ങൾ | സ്പിലോവർ | പുതിയത് | ആകെ |
|---|---|---|---|
| 2019-2020 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | 30 | 73 | 103 |
| തൻവർഷം പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ എണ്ണം | 14 | 34 | 48 |
| 2020 – 2021 വർഷത്തേക്ക് സ്പിൽ ഓവറായ പ്രൊജക്റ്റുകളുടെ എണ്ണം | 56 | - | 56 |
| തൻവർഷം | 10 | 07 | 17 |

| | | | |
|---|---|---|---|
| പൂർത്തിയാക്കിയ കുടിവെള്ള പ്രവൃത്തികളുടെ എണ്ണം | | | |
| നിർവ്വഹണം ആരംഭിക്കാതെ ഉപേക്ഷിച്ച പ്രൊജക്റ്റുകളുടെ | - | - | - |
| ഭാഗികമായി നിർവ്വഹണെം നടത്തി ഉപേക്ഷിച്ച പ്രാജക്റ്റുകളുടെ എണ്ണം | - | - | - |
| ഡെപ്പോസിറ്റ് പ്രവൃത്തികളുടെ എണ്ണം, പ്രവൃത്തികളിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്തവയുടെ എണ്ണം. | - | - | - |

2) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം ലഭ്യമാക്കിയ 103 പ്രൊക്റ്റുകൾക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും അടങ്കലായി വകയിരുത്തി നിർവ്വഹിച്ച ചെലവ് തുകകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| സ്രോതസ്സുകൾ | അടങ്കൽ | ചെലവ് |
|---|---|---|
| പൊതു വിഭാഗം, സാധാരണ വിഹിതം | 7,19,300/- | 5,55,065/- |
| വികസന ഫണ്ട് (എസ്.സി.പി) | 12,84,600/- | 6,21,014/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10,43,4000/- | 52,39,783/- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 14,89,453/- | 2,54,235/- |
| തനത് ഫണ്ട് | 13,72,942/- | 7,17,765/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,00,000/- | - |
| മെയിന്റനൻസ് ഫണ്ട് റോഡ് | 1,31,56,000/- | 2,12,5,135/- |
| മെയിന്റനൻസ് | 1,52,1277/- | 7,85,285/- |

| | | |
|---|---|---|
| ഫണ്ട് റോഡിതരം | | |
| ആകെ അടങ്കൽ | 3,02,77,602/- | 10,29,8,282/- |

പ്രൊജക്റ്റുകൾക്കായി വകയിരുത്തിയ അടങ്കലിൽ നിന്നും ചെലവ് നിർവ്വഹിച്ച തുകകളിലെ ശതമാനം 34.01 മാത്രമാണെന്ന് സംക്ഷിപ്തത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. 2019-2020 ൽ 16 ബില്ലുകൾ പ്രകാരം 53,36,580/- രൂപ ക്യൂ സിസ്റ്റത്തിലുൾപ്പെടുത്തിയതിനാൽ തുക കൈമാറിയിട്ടില്ല. ആവിഷ്കരിക്കപ്പെട്ട 103 പ്രൊജക്റ്റുകളിൽ 48 പ്രൊജക്റ്റുകൾ മാത്രമേ 2019-2020 ൽ നിർവ്വഹിച്ചിട്ടുള്ളൂ. (47%) തൻവർഷത്തിൽ ചെലവ് നിർവ്വഹിക്കാതെ 56 പ്രൊജക്റ്റുകൾ അടുത്ത സാമ്പത്തിക വർഷത്തിലേക്ക് പദ്ധതി പൂർത്തീകരണത്തിനായി സ്പിലോവറായി മാറ്റിയിട്ടുമുണ്ട്. അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ തൻ വർഷത്തിൽ തന്നെ നിർവ്വഹിക്കാത്തതിനാൽ ലഭ്യമായ സ്രോതസ്സുകളിലെ ഫണ്ടിനം നഷ്ടപ്പെടുന്നുണ്ടെന്ന് മേൽ കണക്കുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1)കരാറുകാരൻ പ്രവൃത്തി നടത്തുന്നതിനായി ചമയ്ക്കുന്ന കരാറിലെ ഖണ്ഡിക-6ലെ നിബന്ധന പ്രകാരം കരാറുടമ്പടി വെച്ച് 10 ദിവസത്തിനുള്ളിൽ സ്ഥലം ഏറ്റുവാങ്ങിയതിന് ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനും, ഉടമ്പടിയുടെ ഭാഗമായി തയായാറാക്കിയ പ്രവൃത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രവൃത്തന കലണ്ടറുടെ അടിസ്ഥാനത്തിൽ പ്രൊജക്റ്റുകൾ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)തൻ വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിനുള്ള നടപടിക്രമം സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിൽ ലഭ്യമായ സ്രോതസ്സുകൾ അതാത് വർഷത്തിൽ തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3)സ്പിൽ ഓവർ പ്രവൃത്തികൾക്ക് പ്രത്യേകം ഫണ്ട് ലഭിക്കില്ല എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കുകയും സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് മുഴുവൻ ചെലവഴിക്കുകയും ചെയ്യേണ്ടതാണ്.

4)പ്രവൃത്തികൾക്കുള്ള ബില്ലുകൾ സമയബന്ധിതമായി ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. മാസവസാനം 'Q' ബില്ലുകളായി ട്രഷറിയിൽ സമർപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## <u>1-24 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല</u>

29.01.2018 ലെ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ നിഷ്കർഷിക്കുന്ന പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതേയാണ് മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവ് നിർവ്വഹിച്ചിട്ടുള്ളത്.ആസ്തി സംരക്ഷണത്തിനായി ആവിഷക്കരിച്ച പ്രൊജക്റ്റുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ഫണ്ടിനം | പ്രൊജക്റ്റുകളുടെ എണ്ണം | നിർവ്വഹിച്ചവയുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| റോഡ് മെയിന്റനൻസ് | 35 | 09 | 1,31,56,000 | 2,12,5,135 | 16.5% |
| റോഡിതരം | 05 | 03 | 1,52,1,277 | 7,85,285 | 51.62% |

1. ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, ഉപകരണങ്ങൾ ലഭ്യമാക്കുവാനും, മോർച്ചറി സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുവാനുമായി മുൻഗണനാക്രമത്തിൽ പ്രൊജക്റ്റുകൾ

ആവിഷ്കരിക്കപ്പെട്ടിട്ടില്ല.

2. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായി രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരു പ്രൊജക്റ്റ് നിർവ്വഹിച്ചിട്ടില്ല.ഉപേക്ഷിക്കപ്പെട്ട പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ :

A)229/2020അങ്കണവാടികൾക്ക് ബേബി ഫ്രണ്ടലി ടോയ്ലറ്റ് നിർമ്മാണം 12,000/- (തനത് ഫണ്ട്)., 1,50,000/- (ബ്ലോക്ക് പഞ്ചായത്ത്).

3. സർക്കാർ ഓഫീസുകളുടെ ടൊയ്ലറ്റ് നിർമ്മാണത്തിനായി വകയിരുത്തിയ തുകകൾ ചെലവഴിച്ചതായി കാണുന്നില്ല.

ഉദാ :183/2020വിവിധ ഗവ.ഓഫീസുകളിൽ ടോയ്ലറ്റ് നിർമ്മാണം. 1,23,000/- (ധനകാര്യ കമ്മീഷൻ അവാർഡ്). 4,92,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്).

4. ചില പ്രവൃത്തി ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ച് കാണുന്നില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1) റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

2) റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിൽ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകുന്നതോടൊപ്പം ടോയ്ലറ്റ്, മോർച്ചറി സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുവാനുള്ള നടപടിക്രമങ്ങളും സ്വീകരിക്കേണ്ടതാണ്.

3) മോണിറ്ററിംഗ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4) ഭാവിയിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുമ്പോൾ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും, സർക്കുലറുകളിലേയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## <u>1-25 ആസ്തി സംരക്ഷണ മാർഗ്ഗ രേഖകളിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്</u>

ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനായി 29.01.2018 ലെ ജി.ഒ.(കൈ)നം.11/2018യത.സ്വ.ഭവ. യിലെ മാർഗ്ഗ രേഖകളിലെ താഴെ പറയുന്ന നിബന്ധനകൾ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ പാലിക്കേണ്ടതാണ്:

1)മെയിന്റനനസ് ഫണ്ടും ലഭ്യമാവുന്ന തനത് ഫണ്ടിലെ സ്രോതസ്സുകളും പരമാവധി വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)സേവനം മെച്ചപ്പെടുത്തുന്നതോടൊപ്പം നിലവിലുള്ള ആസ്തികളെ വിപുലപ്പെടുത്തുന്നതിനുമായി അനുയോജ്യമായ നിർദ്ദേശം സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

3)ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റ പണികളോടൊപ്പം, ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുവാനായി റോഡിതര മെയിന്റനനസ് ഫണ്ട് ഉപയോഗിക്കുവാനുമുള്ള നടപടികൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

## <u>1-26 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്</u>

ആസ്തികളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ സഞ്ചയ സോഫ്റ്റ് വെയറുമായി സാംഖ്യ ബന്ധിപ്പിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുവാൻ 2308.2017 ലെ സ.സ്വ.ഭവ സർക്കുലർ നം. ഐ.ബി-1/141/2017 പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.നിലവിൽ ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.2.08.2017 ലെ വ്യവസ്ഥ

പാലിക്കാത്തതിനാൽ വാർഷിക പത്രികയിലുള്ള ആസ്തികളുടെ മൂല്യം യഥാർത്ഥത്തിലുള്ള മൂല്യമായി പ്രതിഫലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ആസ്തി രജിസ്റ്റർ കാലികമാക്കി കുറ്റമറ്റതായി പരിപാലിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികളുടെ നൊട്ടീസ് ബോർഡ് സ്ഥാപിക്കേണ്ടതാണ്

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.2019-20 വർഷത്തിൽ പ്രവൃത്തികൾക്കായി കരാറുകാരൻ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടം 17 ൽ പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് സ്ഥലങ്ങളിൽ സംക്ഷിപ്ത വിവരം അടങ്ങുന്ന നൊട്ടീസ് ബോർഡ് പ്രകടമായി കാണുന്ന സ്ഥലത്തിലും, തരത്തിലും സ്ഥാപിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു.നൊട്ടീസ് ബോർഡിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ :

1)പ്രവൃത്തിയുടെ പേര്.

2)പ്രവൃത്തി നിർവ്വഹണം കരാറുകാരൻ മുഖേനയോ, ഗുണഭോക്തൃ കമ്മിറ്റി മുഖേനയോ എന്ന വിവരം.

3)കരാറുകാരന്റെ/ഗുണഭോക്തൃ കമ്മിറ്റി കൺവീനറുടേയും, നിർവ്വഹണ കമ്മിറ്റി അംഗങ്ങളുടേയും പേരും, മേൽവിലാസവും.

4)എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5) പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6)പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7)കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8) ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മിറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

ഓഡിറ്റ് നിർദ്ദേശം

പ്രവൃത്തികൾക്ക് മുൻകൂർ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഉൾപ്പെടുത്തി ക്രമനം. 1 മുതൽ 8 വരെ കൊടുത്തിരിക്കുന്ന വിവരങ്ങളടങ്ങിയ ബോർഡ് പണി സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

## 1-28 മരാമത്ത് രേഖകളുടെ പരിപാലനം - അപാകതകൾ

29.01.2018 ലെ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ പ്രകാരം മരാമത്ത് പ്രവൃത്തികളുടെ പ്രൊജക്റ്റുകളുടെ നിർവ്വഹണം പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു :

1)ടെണ്ടർ നടപടിക്രമങ്ങൾക്ക് ശേഷം 7 ദിവസത്തിനകം കരാറുകാരന് രേഖാമൂലമായ അറിയിപ്പ് (സെലക്ഷൻ നൊട്ടീസ്) നൽകേണ്ടതാണെന്ന് PWD Manual ഖ.2009-6 വ്യവസ്ഥ ചെയ്യുന്നു.എ.ഇ. നിർവ്വഹിച്ച ചില പ്രൊജക്റ്റുകളിൽ പ്രസ്തുത നിബന്ധന പാലിച്ചതായ രേഖകൾ സൂക്ഷിച്ച് കാണുന്നില്ല.

2)കരാറുകാരന്റെ നോമിനേഷൻ ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല.

3)ഗ്രാമഭയുടെ നിർദ്ദേശാനുസരണം ഓരാ സാമ്പത്തിക വർഷത്തിലും നിർവ്വഹിക്കുവാനുദ്ദേശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ലിസ്റ്റ് മുൻഗണനാ ക്രമത്തിൽ വർക്കിങ്ങ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതാണ്.ഇതിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതുമാണ്.(മരാമത്ത് ചട്ടം 3(1),3(2)).

2019-2020ലെപ്രസ്തുത ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

4)എസ്റ്റമേറ്റിൽ നട്ടത്തുവാനുദ്ദേശിക്കുന്ന പ്രവൃത്തികൾക്കാവശ്യമായി കണക്കാക്കപ്പെട്ട തൊഴിലാളികളുടെ എണ്ണം, ഇവർക്കുള്ള കൂലി ചെലവ് എന്നിവ മലയാളത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.ചില ഫയലുകളിൽ പ്രസ്തുത വിവരങ്ങൾ എസ്റ്റിമേറ്റിൽ ചേർത്ത് കാണുന്നില്ല.എസ്റ്റിമേറ്റിൽ ആവശ്യമായ മേൽ സൂചിത വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

5)2019-2020 വർഷത്തിൽ പ്രവൃത്തികൾക്കായി കരാറുകാരൻ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തുകയോ ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

6)പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഭൂരിഭാഗം ഫയലുകളിലും സൂക്ഷിച്ച് കാണുന്നില്ല.

7)29.01.2018 ലെ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ 7/13(12) പ്രകാരം ഗുണമേന്മയും, ഈടുറ്റവയുമായ റോഡ് നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തും ഓരോ സാമ്പത്തിക വർഷവും 5 വർഷ ഗ്യാരണ്ടിയോട് കൂടി നിർമ്മിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.പ്രസ്തുത നിബന്ധന ഗ്രമ പഞ്ചായത്ത് പാലിച്ച് കാണുന്നില്ല.(22.03.2021 ലെ അന്വേഷണ നം.5)

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1)കരാറുടമ്പടി ചമയ്ക്കുവാനായി സെലക്ഷൻ നൊട്ടീസ് 7 ദിവസത്തിനുള്ളിൽ കരാറുകാരന് അയക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.പ്രസ്തുത അറിയിപ്പിന്റെ അഭാവത്തിൽ കരാറുകകരാറുകാരനുമായി എഗ്രിമെന്റ് എഴുതി സൂക്ഷിക്കുന്നതിൽ നിയമാനുസൃത സമയക്രമം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനാവില്ല.സമയബന്ധിതമായി കരാറുകാരന് സെലക്ഷൻ നൊട്ടീസ് അയച്ച് പകർപ്പ് ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

2)പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത കോൺട്രാക്ടറുടെ നോമിനേഷൻ ലഭ്യമാക്കി എഗ്രിമെന്റിന്റെ കൂടെ സൂക്ഷിക്കേണ്ടതാണ്.

3)മരാമത്ത് ചട്ടം 3(1),3(2) നിഷ്കർഷിക്കുന്ന പ്രകാരം വർക്കംഗ് ഗ്രൂപ്പ് മുഖേന മുൻഗണനാ ക്രമത്തിലുള്ള പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

4)മരാമത്ത് പണികളുടെ ചട്ടം17 അനുശാസിക്കുന്ന രീതിയിൽ പ്രവൃത്തി സ്ഥലത്ത് നൊട്ടീസ് ബോർഡ് സ്ഥാപിക്കേണ്ടതാണ്.

5)മോണിട്ടറിംഗ് റിപ്പോർട്ട് പ്രവൃത്തികളുടെ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

6)29.01.2018 ലെ സർക്കാർ ഉത്തരവ് നിഷ്കർഷിക്കുന്ന വിധത്തിലുള്ള മാർഗ്ഗ രേഖയിലെ നിബന്ധന പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-29 തെരുവുവിളക്കുകളുടെ വാർഡുതല രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നില്ല</u>

ഗ്രാമപഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . കാവശ്ശേരി ഗ്രാമ പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ

അസ്സറ്റ്/ വാർഡുതല രജിസ്റ്റർ നാളിതുവരെയായിട്ടും തയ്യാറാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് ഭാഗികമായി മാത്രമെ മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളൂ. തെരുവുവിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുള്ളത്/സ്ഥാപിച്ചിട്ടില്ലാത്തത് എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ട്സ് പ്രകാരം 1833650/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കി വരുന്നുണ്ട്. പഞ്ചായത്തും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തും കെ.എസ്.ഇ.ബി. യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തി രജിസ്റ്റർ തയ്യാറാക്കുകയും, മുഴുവൻ തെരുവുവിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വൈദ്യുതി ചാർജ്ജ് കുറവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - പഞ്ചായത്തിന് അധിക ബാധ്യതയാവുന്നു

പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന വലിയപറമ്പ് കുടിവെള്ള പദ്ധതി ഉൾപ്പെടെ 109 കുടിവെള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. ഇതിൽ 108 എണ്ണവും ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തിവരുന്നത്. 2019-20 വർഷത്തെ ധനകാര്യപത്രിക പ്രകാരം വെള്ളക്കര കുടിശ്ശികയിനത്തിൽ 1973762/- രൂപ പിരിച്ചെടുക്കാനുണ്ട്. പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതിയുടെ കീഴിൽ ആകെ 1404 ഗുണഭോക്താക്കളാണുള്ളത്.

ഗാർഹിക ഗുണഭോക്താക്കളുടെ എണ്ണം- 1390, നിരക്ക് 70/മാസം

വാണിജ്യ ഗുണഭോക്താക്കളുടെ എണ്ണം- 14, നിരക്ക് 210/മാസം

കുടിവെള്ള വിതരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്ന ഇനമല്ല. ഗാർഹിക കണക്ഷനുകൾ പരമാവധി പ്രോൽസാഹിപ്പിക്കുകയും പുതിയ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് ഗുണഭോക്തൃ സമിതികൾക്ക് കൈമാറാനുമാണ് സർക്കാർ നിർദ്ദേശം. എന്നിട്ടും സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത കണക്കിലെടുക്കാതെ പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള പദ്ധതിക്ക് പ്രതി വർഷം 2453575/- രൂപ അധികബാധ്യത വരുന്നുണ്ട്. കുടിവെള്ള പദ്ധതിക്കായുള്ള ചെലവ് താഴെ കാണുക.

| | |
|---|---|
| വാർഷിക അറ്റകുറ്റപണി | 125328 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 613800/- (തനത് ഫണ്ട്) |
| വൈദ്യുതി ചാർജ്ജ് ചെലവ് | 1714447 /(തനത് ഫണ്ട്) |
| ആകെ | 2453575/ |

ഓഡിറ്റ് നിർദ്ദേശം

1. നിലവിൽ വാട്ടർചാർജ്ജ് കണക്ഷനുകൾക്ക് മീറ്റർ റീഡിങ്ങ് ഏർപ്പെടുത്തിയിട്ടില്ല. ആയത് പഞ്ചായത്ത് ഭരണസമിതിയിൽ തീരുമാനമെടുത്ത് അടിയന്തിരമായി മീറ്റർ റീഡിങ്ങ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിൽ വരുന്ന അധിക ചെലവുകൾ കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-31 മാലിന്യം സൂക്ഷിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളില്ല (എം.സി.എഫ്. കെട്ടിടം, ഷ്രെഡ്ഡിംഗ് യൂണിറ്റ്, വാഹന സൗകര്യം)

സർക്കാർ ഉത്തരവ് സാധാ നം./2420/2017 ത.സ്വ.ഭ.വ. തിയ്യതി 15/07/2017 പ്രകാരമാണ് ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ഹരിതകർമ്മസേന രൂപീകരിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. ഓരോ തദ്ദേശ സ്വയംഭരണ കേന്ദ്രത്തിലെയും ഹരിത കേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് ഹരിതകർമ്മസേന രൂപീകരിക്കേണ്ടതും തുടർന്ന് ജനങ്ങളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പ് വരുത്തുന്നതിനായി ഓരോ വീട്ടിലും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ വിശദാംശങ്ങളും എത്തിക്കേണ്ടതും കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാലിന്യ സർവ്വെ നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനയ്ക്ക് ഹരിതസഹായ സ്ഥാപനം നൽകേണ്ടതും ഈ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ഹരിത സഹായ സ്ഥാപനത്തിന്റെ വിദഗ്ധർ ക്രോഡീകരിച്ച് ശില്പശാലയിൽ അവതരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം മാലിന്യ സംസ്കരണ പരിപാടി ആരംഭിക്കാവുന്നതാണ്.

മേൽ ഉത്തരവ് പ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന 21-11-2019 തീയതിയിലെ 2(11) പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതിനായി പഞ്ചായത്തിലെ ഓരോ വീടുകളിൽ നിന്നും പ്രതിമാസം 30/- രൂപ നിരക്കിലും,സ്ഥാപനങ്ങളിൽ നിന്നും 50/- രൂപ നിരക്കിലും നിശ്ചിത മാതൃകയിലുള്ള രസീതി മുഖേന ഫീസ് ഈടാക്കുന്നുണ്ട്. ഹരിത കർമ്മ സേനയുടെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ (പഞ്ചാബ് നാഷ്ണൽ ബാങ്ക്) ഒടുക്ക് വരുത്തുന്നുണ്ട്.

നിലവിൽ 20 അംഗങ്ങളാണ് ഹരിത കർമ്മ സേനയിൽ പ്രവർത്തിക്കുന്നത്. ഹരിത കർമ്മ സേനക്ക് വേണ്ട എല്ലാ വിധ സഹായവും ഐ ആർ ടി സി (ഹരിത സഹായ സംഘം) മുഖേന നൽകുവാൻ 21/06/2019 ന് അഗ്രിമെന്റ് വെച്ചിട്ടുണ്ട്. 07/2019 മുതൽ 03/20 വരെ 20642/- രൂപ പ്രകാരം 185778/- തുക എെ ആർ ടി സി നൽകിയിട്ടുണ്ട്. ഹരിതസേനയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി വയബിലിറ്റി ഗാപ്പ് ഫണ്ടിനത്തിൽ 131360/- രൂപ (തനത് ഫണ്ടും) 19511/- രൂപ (വികസന ഫണ്ടും) ചെലവഴിച്ചിട്ടുണ്ട്.

ജൈവ/അജൈവമാലിന്യങ്ങൾ വേർതിരിക്കുവാനും അവ സംസ്കരിക്കുവാനും സേനാംഗങ്ങൾക്ക് ക്ലാസ്സുകൾ ഐ ആർ ടി സി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും കടകളിലും നിന്നും പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്. അജൈവമാലിന്യങ്ങളുടെ സംഭരണത്തിനായുള്ള എം.സി.എഫ് കേന്ദ്രം നിലവിൽ കൃഷിഭവന്റെ കീഴിലുള്ള പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടം പൂർണ്ണമായും ജീർണ്ണിച്ച അവസ്ഥയിലാണുള്ളത്.



ജീർണ്ണിച്ച നിലയിലുള്ള താൽക്കാലിക എം.സി.എഫ്. കെട്ടിടം

അജൈവമാലിന്യ സംസ്കരണത്തിനുള്ള എം സി എഫിൽ നിലവിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്, ഷെഡ്ഡിൽ ശേഖരിച്ച വക്കുക മാത്രമാണ് ചെയ്യുന്നത്. ഷ്രെഡ്ഡിംഗ് നടത്തുന്നതിനുള്ള മെഷീൻ നിലവിലില്ല. ഹരിതകർമ്മസേന മുഖേന ശേഖരിച്ചിട്ടുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ചാക്കുകളിൽ കെട്ടി സൂക്ഷിച്ചിരിക്കുകയാണ്. കെട്ടിടത്തിനകത്ത് ഇനി സംഭരിക്കാൻ ഇടമില്ലാത്ത വിധം പ്ലാസ്റ്റിക്ക് മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുന്നു. ജൈവ മാലിന്യങ്ങൾ കംബോസ്റ്റ് നിർമ്മാണം, സ്ലറി എന്നിവയാക്കി കൃഷിയിടങ്ങളിൽ വളമായി ഉപയോഗിക്കുവാനാണ് ഉത്തരവിൽ പറയുന്നുണ്ടെങ്കിലും അത്തരത്തിലുള്ള സംവിധാനം നിലവിൽ വരുത്തിയിട്ടില്ല.





അജൈവമാലിന്യങ്ങൾ പ്ലാസ്റ്റിക്ക് ചാക്കുകളിൽ കെട്ടിവെച്ച നിലയിൽ

അജൈവമാലിന്യ സംസ്കരണത്തിനുള്ള എം സി എഫ് കേന്ദ്രം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 2019-20 ൽ പ്രോജക്ട് വെച്ചിരുന്നുവെങ്കിലും നടപടിക്രമങ്ങളിൽ നിയമോപദേശം ആവശ്യമായിവന്നതിനാലും സ്ഥലമെടുപ്പിന് അടങ്കൽ വെച്ച തുക മതിയാവഞ്ഞതിനാലും പദ്ധതി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലമെടുപ്പിന് സംബന്ധിച്ച് തർക്കങ്ങൾ പരിഹരിച്ച് എം.സി.എഫ് കെട്ടിടം എത്രയും വേഗം ആരംഭിക്കേണ്ടതും ഹരിതകർമ്മസേനയുടെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതുമായ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 1/19-20 | ABC പ്രോഗ്രാം | 200000 | 200000 | 7/19,16/8/19 | 799011400002200 |
| 2/19-20 | IKM ന് നൽകാനുള്ള വിഹിതം | 101125 | 101125 | 6/19,29/07/19 | 57047023512 |
| 35/19-20 | പാലക്കുഴി ജലവൈദ്യുത പദ്ധതി വിഹിതം | 200000 | 200000 | 14/19,21/01/20 | 799011400002200 |
| 37/19-20 | ഹരിത കർമ്മ | 185770 | 185770 | 8/19,29/07/19 | 4318000100090103 |

| | | | | | |
|---|---|---|---|---|---|
| | സേന (ഐ ആർ ടി സി വിഹിതം | | | | |
| 205/19-20 | ജലനിധി പഞ്ചായത്ത് വിഹിതം | 240000 | 117300 | 12/19,10/10/19 | 4292000100097224 |

മേൽ പ്രൊജക്റ്റുകളുടെ വിനിയോഗ വിവരം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-33 അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമായ ₹ 95376 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് (A/C. No. 37276768600) നിലവിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കരാർ ചമയ്ക്കുവാൻ വൈകിയതിനുള്ള നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്

1. 1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2009.6 അനുസരിച്ച് കരാറുകാരന്റെ ടെന്റർ സ്വീകരിച്ചിട്ടുള്ളപക്ഷം 7 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. അറിയിപ്പ് അയച്ച തീയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കാം. ഈ തീയതിക്കുശേഷം 14 ദിവസിത്തിനുള്ളിൽ കരാർ വെക്കാത്തപക്ഷം 1 ശതമാനം പിഴ ചുമത്തിയശേഷം 10 ദിവസം കൂടി സമയം ദീർഘിപ്പിച്ചു നൽകാം. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തതിനുള്ള പിഴ ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ആളിഞ്ഞോട്ട് പറമ്പ് മുതലക്കുളം കനാൽ ബണ്ട് റോഡ് പുനരുദ്ധാരണം. |
| പ്രൊജക്റ്റ് നം. | 176/ 19-2020 |
| പി.എ.സി | 4,95,000 |
| ബിൽ നം./ തീയതി | ചെലവ് |
| 10/19-2020/28/06/2019 | 159516/- |
| | |

| | |
|---|---|
| 18/19-2020/7/9/2019 | 33484/- |
| ആകെ | 4,94,360/- (-1%) = 4,944/- |
| കരാറുകാരന്റെ പേര് | കെ.വി.രമേഷ് |
| സെലക്ഷൻ നോട്ടീസ് അയച്ച തിയതി | 10.09.2018 |
| എഗ്രിമെന്റ് വെക്കേണ്ട തീയതി | 23.09.2018 |
| എഗ്രിമെന്റ് വെച്ച തീയതി | 26.09.2018 |
| എം.ബി.നം. | 73/18-19 |
| ഈടാക്കേണ്ട പിഴ | 4,944/- |
| എഗ്രിമെന്റ് നം. | 74/AE/LSGD/KVY./18-19/28.09.2018 |

2. 2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2009.6 അനുസരിച്ച് നിയമാനുസൃത സമയപരിധിക്ക് ശേഷം കരാർ ചമയ്ച്ചതിനാൽ ഈടാക്കേണ്ട പിഴയായ 4,944/- രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ് (26.03.2021 ലെ അന്വേഷണ നം.19). ഉത്തരവാദിയായ കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 18.03.2021 മുതൽ 29.03.2021 വരെ | കെ.എസ്.എ.-പി.കെ.ഡി10/579/2021 തീയതി – 13.04.2021 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | 2019-2020 | 1617500 | നെൽ കൃഷിക്ക് പ്രാരംഭ ചെലവ് | 1617500 | 0 |
| | 2019-2020 | 900000 | ലൈഫ് മിഷൻ ഭവന പദ്ധതി | 900000 | 0 |
| | 2019-2020 | 350000 | എസ് സി കോളനികളിൽ ഫിൽറ്റർ സ്ഥാപിക്കൽ | 0 | 350000 |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 1317451 | ലൈഫ് മിഷൻ ഭവന പദ്ധതി | 1317451 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 1/19-20 | ABC പ്രോഗ്രാം | 200000 | 200000 | 7/19,16/8/19 | 799011400002200 |
| 2/19-20 | IKM ന് നൽകാനുള്ള വിഹിതം | 101125 | 101125 | 6/19,29/07/19 | 57047023512 |
| 35/19-20 | പാലക്കുഴി ജലവൈദ്യുത പദ്ധതി വിഹിതം | 200000 | 200000 | 14/19,21/01/20 | 799011400002200 |
| 37/19-20 | ഹരിത കർമ്മ സേന (ഐ ആർ ടി സി വിഹിതം | 185770 | 185770 | 8/19,29/07/19 | 4318000100090103 |
| 205/19-20 | ജലനിധി പഞ്ചായത്ത് വിഹിതം | 240000 | 117300 | 12/19,10/10/19 | 4292000100097224 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ (ലൈഫ്) | - | 7594351 | 18954155 | - | - | 26548506 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 15832228 |
| ഓഡിറ്റ് വർഷത്തെ വരവ് | 79605083 |
| ആകെ | 95437311 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 81011539 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 14425772 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4944/- രൂപ (പിഴ) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

ഭാഗം 3 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4944 | ശ്രീമതി. ദിവ്യ എം കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ദിവ്യ എം കെ, അസിസ്റ്റന്റ് എഞ്ചിനീയർ | ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | പുത്തൻപുര, തെക്കുംപുറം, മോലാർക്കോട്, |

| | | |
|---|---|---|
| | | ആലത്തൂർ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി9-193/98/05-7-12 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി7-99/2000/6-7-2001 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി10-509/2002/ 13-2-2003 | ഫർദർ റിമാർക്സ് |
| 1999-2000 | എൽ.എഫ്.പി10-501/10/ 19-7-2010 | ബഹു ഡയറക്ടർക്കുള്ള കത്ത് |
| 2000-01 | എൽ.എഫ്.പി10-545/05/ 16-7-2006 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി10-556/04/ 13-7-2006 | ഫർദർറിപ്പോർട്ട് |
| 2002-03 | എൽ.എഫ്.പി10-101/08/ 11-11-2010 | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി10-953/11/ 10-4-2012 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി10-952/11/ 7-5-2012 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി10-954/11/ 12-4-2012 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി10-1037/12/ 16-7-2012 | ഫർദർ റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.പി10-1038/12/ 16-7-2012 | ഫർദർ റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി10-1039/12(1)/ 16-7-2012 | ഫർദർ റിപ്പോർട്ട് |
| 2009-10<br>2010-11 | എൽ.എഫ്.പി10-1268/13/3-3-14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി10-1696/14/ 8-12-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി10-851/15/04.07.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, | കെ.എസ്.എ-പി.കെ.ഡി-10/249/16 /2-3-2016 | ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 2014-15 | | |
| 2015-16 | കെ.എസ്.എ-പി.കെ.ഡി.10/141/2017/25-01-17 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ-പി.കെ.ഡി.10/1184/2017/28.07.2017 | ” |
| 2017-18 | കെ.എസ്.എ.പി.കെ.ഡി10/2448/2018/12.02.2019 | ” |
| 2018-19 | കെ.എസ്.എ.പി.കെ.ഡി10/1346/2019/19.11.2019 | ” |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം – 3

## വാർഷിക കണക്ക് സംക്ഷിപ്തം-വിവിധ പത്രികകൾ

| Kavassery Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 15697128.00 |
| Cash | Cash | RP-40(a) | 135100.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 934140.00 |
| 140000000 | Fees & User Charges | RP-4 | 496324.00 |
| 150000000 | Sale & Hire Charges | RP-5 | 314311.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 44730143.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18503660.00 |
| 350000000 | Other Liabilities | RP-36 | 100638.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 6440.00 |
| 311000000 | Earmarked Funds | RP-29 | 185.00 |
| 330000000 | Secured Loans | RP-32 | 9540000.00 |
| 340000000 | Deposits Received | RP-34 | 59300.00 |
| 350000000 | Other Liabilities | RP-36 | 181262.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3316070.00 |
| 460000000 | Loans, Advances and Deposits | RP-47 | 1422610.00 |
| | **Grand total** | | **95437311.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4126341.00 |
| 220000000 | Administrative Expenses | RP-12 | 1010903.00 |
| 230000000 | Operations & Maintenance | RP-13 | 2896008.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7900168.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 40639264.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 795164.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 263158.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1905400.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 4311221.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 192438.00 |
| 280000000 | Prior Period item | RP-26 | -3269.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1058008.00 |
| 350000000 | Other Liabilities | RP-36 | 5150561.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 674.00 |
| 330000000 | Secured Loans | RP-32 | 4472.00 |
| 340000000 | Deposits Received | RP-34 | 107405.00 |
| 350000000 | Other Liabilities | RP-36 | 1533060.00 |
| 410000000 | Fixed Assets | RP-38 | 6942215.00 |
| 412000000 | Capital work in Progress | RP-40 | 102229.00 |
| 460000000 | Loans, Advances and Deposits | RP-47 | 2076119.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 14414248.00 |
| Cash | Cash | RP-40(b) | 11524.00 |
| | **Grand Total** | | **95437311.00** |

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3603872.00 |
| 140000000 | Fee & User Charges | I-4(b) | 1864154.00 |
| 150000000 | Sale & Hire Charges | I-5(b) | 314311.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 111809683.00 |
| 180000000 | Other Income | I-9 | 6440.00 |
| | **Total Income** | | **117598460.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10011003.00 |
| 220000000 | Administrative Expenses | I-11(b) | 1014903.00 |
| 230000000 | Operations & Maintenance | I-12(b) | 2984788.00 |
| 240000000 | Interest & Finance Charges | I-13 | 674.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7900168.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 63854441.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 795164.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 263158.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 17759600.00 |
| 255000000 | Maintenance Projects | I-14(e) | 4311221.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 197438.00 |
| 272000000 | Depreciation | I-17(a) | 7969272.00 |
| | **Total Expenditure** | | **117061830.00** |
| | **Gross Surplus/ Deficit of income over Expenditure** | | **536630.00** |
| 280000000 | Prior Period Item | I-18 | -18904578.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **19441208.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| BALANCE SHEET | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 32683950.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4777.00 |
| 312000000 | Reserves | B-3 | 59435569.00 |
| | **Total Reserve & Surplus** | | **92124296.70** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5206162.00 |
| | **Total Grants, Contributions for Specific Purposes** | | **5206162.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 26548506.00 |
| | **Total Loans** | | **26548506.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 840599.00 |
| 350000000 | Other Liabilities | B-9 | 738755.30 |
| | **Total Current Liabilities and Provisions** | | **1579354.30** |
| | **TOTAL LIABILITIES** | | **125458319.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 97132972.00 |
| 411000000 | Accumulated Depreciation | B-11 | -16110536.00 |
| 412000000 | Capital Work in Progress | B-11(a) | 204494.00 |
| | **Total Fixed Assets** | | **81226930.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 2097836.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 26548506.00 |
| 450000000 | Cash and Bank Balance | B-17 | 14425772.00 |
| 460000000 | Loans, Advances and Deposits | B-18 | 1159275.00 |
| | **Total Current Assets, Loans and Advances** | | **0.0** |